# ‘യഹോവ എന്റെ ബലം’

## സങ്കീർത്തനങ്ങൾ 59:16

‘‘ഞാനോ നിന്റെ ബലത്തെക്കുറിച്ചു പാടും; അതികാലത്തു ഞാൻ നിന്റെ ദയയെക്കുറിച്ചു ഘോഷിച്ചാനന്ദിക്കും. കഷ്ടകാലത്തു നീ എന്റെ ഗോപുരവും അഭയസ്ഥാനവും ആയിരുന്നു.’’

എന്റെ ദൈവമേ ശത്രുക്കളുടെ കയ്യിൽ നിന്നു എന്നെ വിടുവിക്കേണമേ; എന്നോടു എതിർക്കുന്നവരുടെ വശത്തുനിന്നു എന്നെ ഉദ്ധരിക്കേണമേ എന്നു പറഞ്ഞ് തുടങ്ങുന്ന ഈ സങ്കീർത്തനം, അത് ദാവീദ് രചിക്കുവാനുണ്ടായ സാഹചര്യത്തെ അതിന്റെ തലക്കെട്ടിൽ തന്നെ വിവരിക്കുന്നു, അതിന്റെ അവസാനത്തോടു വരുമ്പോൾ സങ്കീർത്തകൻ പറയുന്ന വാക്കുകളാണ് മേൽ വചനത്തിൽ വായിച്ചു കേട്ടത്. ദൈവത്തിലും അവന്റെ ആളത്വത്തിലും അത്രയ്ക്ക് ഉറപ്പുള്ള ഒരാൾക്കു മാത്രമേ ഈ അവസ്ഥയിൽ ഇപ്രകാരം പറയുവാൻ സാധിക്കുകയുള്ളൂ. കാരണം, ശൗലിന്റെ ഭാഗത്തു നിന്നും തന്നെ കൊല്ലുവാനുള്ള നീക്കം അറിഞ്ഞ് വളരെയധികം ഭയത്തിലും ആകുലതയിലും കഴിയുന്ന ദാവീദ് തന്റെ ഏക ആശ്രയമായ ദൈവത്തെ ഇവിടെ വാഴ്ത്തിപ്പാടുകയാണ്. മരണ നിഴലിന്റെ താഴ്വരയിലും തന്നെ വിടുവിപ്പാൻ അവനു മാത്രമേ സാധിക്കുകയുള്ളൂ എന്ന് ദാവീദിനു അത്രക്ക് ഉറപ്പായിരുന്നു. തന്റെ ഹൃദയത്തിലുണ്ടായിരുന്ന ഈ ഉറപ്പാണ് ദൈവത്തെ വാഴ്ത്തുന്ന സങ്കീർത്തനമായി അവന്റെ നാവിൽ നിന്നു പ്രസ്താവിക്കുവാൻ ഇടയായത്.

ഞാൻ നിന്റെ ബലത്തെക്കുറിച്ചു പാടും എന്ന് ദാവീദ് പറയുമ്പോൾ നാം ഒരു കാര്യം മറന്നു പോകരുത്, അവന്റെ ജീവിതത്തിൽ ദൈവത്തിന്റെ ബലം എന്തെന്ന് നന്നേ ചെറുപ്പത്തിൽ തന്നെ അനുഭവിച്ചറിഞ്ഞ വ്യക്തിയാണ് ദാവീദ്. മല്ലനും, വീരനും, തന്നേക്കാൾ പതിന്മടങ്ങ് ബലവാനുമായിരുന്ന ഗോല്യാത്തിന്റെ മുമ്പിൽ തന്റെ രാജ്യത്തെ ജനതയൊന്നടങ്കം സ്തബ്ധരായി നിന്നിടത്ത്, വെറും കല്ലും കവിണയുമായി ഗോല്യാത്തിനെ നേരിട്ട ഇടയ ബാലനിൽ നിന്നാണ് ദൈവം അവനെ രാജാവായി അഭിഷേകം ചെയ്യുന്നത്. തന്റെ ആടുകളെ മേയിക്കുമ്പോൾ അവയെ വന്യമൃഗങ്ങളിൽ നിന്നും രക്ഷിക്കുന്നതിനുള്ള ഒരു ഉപാധിയായിരുന്നു അവന് കല്ലും കവിണയും. എന്നാൽ ദൈവം അവനിൽ പ്രവൃത്തിച്ചപ്പോൾ വലിയ പടക്കോപ്പുകളുമായി നിന്ന സേനാനായകന്മാരുടെ മുമ്പിൽ ഗോല്യത്തിനെ ജയിപ്പാൻ ദാവീദിനു സാധിച്ചു. അങ്ങിനെയെങ്കിൽ അവനു ദൈവത്തിന്റെ ബലത്തെക്കുറിച്ചു പാടുവാൻ ഇതിൽ പരം കാരണം വേറെ വേണോ.

പ്രിയമുള്ളവരെ നമ്മുടെ ജീവിതത്തിലും മല്ലനായ ഗോല്യാത്തിന്റെ അനുഭവങ്ങൾ നമുക്ക് ഉണ്ടായിട്ടില്ലേ? അവിടെ നാം എപ്രകാരമാണ് അതിനെ നേരിട്ടത്? സ്വന്ത ബലത്താലും ശക്തിയാലും ബുദ്ധിയാലും അതിനെയെല്ലാം നേരിടാം എന്നുള്ള ഒരു വിചാരം നമുക്കുണ്ടോ? എങ്കിൽ ദൈവത്തിന്റെ വചനം പറയുന്നു, മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലതു. പ്രഭുക്കന്മാരിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു. സകലജാതികളും എന്നെ ചുറ്റിവളഞ്ഞു; യഹോവയുടെ നാമത്തിൽ ഞാൻ അവരെ ഛേദിച്ചുകളയും. യഹോവയുടെ നാമത്തിൽ അല്ലാതെ നമുക്ക് ജയമില്ല, അതു സത്യമായ കാര്യമാണ്. പലപ്പോഴും നാം സ്വന്ത ബുദ്ധിപ്രകാരം കാര്യങ്ങൾ നീക്കി, അവസാനം എന്തെന്നറിയാതെ നിൽക്കുമ്പോൾ അവിടെയും ഒരു കൈത്തിരിനാളമായി കടന്നു വരുന്നത് ഈ ദൈവത്തിന്റെ സ്നേഹമാണ്. കാരണം അവൻ തന്റെ മക്കളെ തള്ളിക്കളയുവാൻ ആഗ്രഹിക്കുന്ന ഒരു പിതാവല്ല. അങ്ങിനെയെങ്കിൽ ആ പിതാവിന്റെ ഹിതം നിറവേറ്റുന്ന നല്ല മക്കളായി ജീവിതം കാഴ്ച വെയ്ക്കാൻ നമുക്ക് ശ്രമിക്കാം. ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം:

സങ്കീർത്തനങ്ങൾ 118:14

“യഹോവ എന്റെ ബലവും എന്റെ കീർത്തനവും ആകുന്നു; അവൻ എനിക്കു രക്ഷയായും തീർന്നു”

ബ്രദർ ബിനു ബേബി ആലപ്പുഴ 099